3. സർക്കാർ പന്നിവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി പന്നിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ

4. ഊർജ്ജിത പന്നിവളർത്തൽ വികസന പദ്ധതി.

5. പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

6. പൗൾട്രി ഡ്രസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ

7. സർക്കാർ ആടുവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ആട്ടിൻകുട്ടികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

8. ദേശിയ ആൺ ആട് വളർത്തൽ പദ്ധതി

9. പന്നിവളർത്തൽ / ആട് വളർത്തൽ പരിശീലന പരിപാടികൾ.

10. സർക്കാർ മുയൽ വളർത്തൽ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി.

11. അത്യുൽപ്പാദനശേഷിയുള്ള കോഴി, താറാവ്, കാട, പന്നി, മുയൽ, ആട് എന്നിവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

114 (114) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിലെ നിയമനം

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ അൺസ്കിൽഡ് തൊഴിലാളികൾ/ പെർമനന്റ് തൊഴിലാളികളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ, പീരുമേട് എന്നിവിടങ്ങളിൽ എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി ആരംഭിച്ച തൃശ്ശൂർ (പുത്തൂർ) പന്നി ഫാമിൽ അവിദഗ്ദ്ധ തൊഴിലാളികളെ നിയമിച്ചിട്ടുണ്ടോ;

(ഡി) അവിടെ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) അവിദഗ്ദ്ധ തൊഴിലാളികളെ നിയമിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ബോർഡിൽ സർവ്വീസ് റൂൾ നിലവിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) സംവരണ തത്വം പാലിച്ചാണോ നിയമനം നടത്തുന്നത്; ആയതിന്റെ വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിൽ അൺസ്കിൽഡ് തൊഴിലാളികളുടെ 34 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ നടത്തിയ പഠന 203/2010.

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് പ്രകാരം മാട്ടുപ്പെട്ടി ഫാമിൽ 26 അൺസ്കിൽഡ് തൊഴിലാളികളുടെ തസ്തികകൾ അധികമെന്നു കണ്ടെത്തിയിട്ടുണ്ട്. ഇവ പുതുതായി സജ്ജമായി വരുന്ന പുത്തൂരിലെ പന്നിവളർത്തൽ കേന്ദ്രത്തിലേക്കു മാറ്റിയിട്ടുണ്ട്.

(ബി) മാട്ടുപെട്ടി - 5
ധോണി - 5
കുളത്തുപ്പുഴ - ഇല്ല (മൂന്ന് പേർ അധികം)
പീരുമേട് - 1
ആകെ ഒഴിവുകൾ 8

(സി) ഇല്ല.

(ഡി) അൺസ്കിൽഡ് വിഭാഗം തൊഴിലാളികളുടെ 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മാട്ടുപ്പെട്ടി ഫാമിൽ അധികമുള്ള 26 തസ്തികകളാണ് പുത്തൂരിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

(ഇ) പുത്തൂർ കേന്ദ്രമാക്കി പുതുതായി ആരംഭിക്കുന്ന പന്നി വളർത്തൽ കേന്ദ്രം പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല.

(എഫ്) കെ.എൽ.ഡി. ബോർഡ് ഒരു സർക്കാർ കമ്പനിയാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾക്ക് ബാധകമായ നിയമനചട്ടങ്ങളാണ് ഇവിടെ പിൻതുടരുന്നത്.

(എച്ച്) കെ.എൽ.ഡി. ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നേരിട്ടുമുള്ള നിയമനങ്ങളിൽ 3.11.1983-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.353/83/ജി.എ.ഡി. പ്രകാരമുള്ള സംവരണ തത്വം പാലിക്കുന്നുണ്ട്.

115 (115) ടൂറിസം വികസനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തൊക്കെ പ്രോജക്ടുകളാണ് ഈ വർഷം ആരംഭിക്കുന്നത്;

(ബി) ബാക്ക് വാട്ടർ ടൂറിസം വികസന പദ്ധതി അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) തൃശ്ശൂർപൂരം, ആറാട്ടുപുഴ ഉത്സവം തുടങ്ങിയ ഉത്സവങ്ങളിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലങ്ങൽകുന്നിൽ ടൂറിസം വികസനം, ആതിരപ്പള്ളി വഴിയോര വിശ്രമകേന്ദ്രം എന്നീ പദ്ധതികൾ സർക്കാരിന്റെ ധനസഹായത്തിനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

(ബി) ബാക്ക് വാട്ടർ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായാണ് കഴിഞ്ഞവർഷം കനോളി കനാൽ ഹൗസ്ബോട്ട് പദ്ധതിക്ക് 30 ലക്ഷം രൂപ അനുവദിച്ചത്.

(സി) സ്വാഭാവിക ഉത്സവങ്ങൾക്ക് അന്തർദേശീയ തലത്തിൽ പ്രചാരം നൽകുക വഴി കേരളത്തിലേക്ക് വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു. അതിന്റെ ഭാഗമായി ആറാട്ടുപുഴ പൂരം,

LIBRARY ARCHIVES Kerala Legislative Assembly